# Kerala private college teacher

448534



ജൂലൈ 28 ന്റെ
പണിമുടക്ക്

## അനിശ്ചിതകാല സമരത്തിന്റെ മുന്നോടി

AKPCTA

No: 112
JULY 1993

## സാഹിത്യ സാംസ്കാരിക നായകന്മാരുടെ അഭ്യർത്ഥന

# സർവ്വകലാശാലാ ജനാധിപത്യവും സ്വയംഭരണവും സംരക്ഷിക്കുക

കേരള — കോഴിക്കോട് — മഹാത്മാഗാന്ധി സർവ്വകലാശാലകളെ ഒരു ഏകീകൃത സർവകലാശാലാ നിയമത്തിലൊതുക്കാനുള്ള സർക്കാരിന്റെ പ്രഖ്യാപിതനീക്കത്തിൽ വിദ്യാർത്ഥികളും, അദ്ധ്യാപകരും വിദ്യാഭ്യാസ തൽപ്പരരും ഇതിനകം പ്രകടിപ്പിച്ചിട്ടുള്ള ഉൽക്കണ്ഠയിൽ ഞങ്ങളും പങ്കുചേരുന്നു.

വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രാദേശിക വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ വൈവിധ്യമാർന്ന ഭൗതികവും മാനുഷികവുമായ വികസനാവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുകയാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ മൗലികധർമ്മം. ഓരോ സർവ്വകലാശാലക്കും അതിന്റെ വ്യക്തിത്വം കണ്ടെത്താനും, നിലനിർത്താനും, തനതായനിലയിൽ വികസിപ്പിക്കാനും അവസരം നൽകുന്നതിനു പകരം അവയെ ഒരൊററ നിയമത്തിന്റെ ചട്ടക്കൂട്ടിലൊതുക്കുന്നത് ശരിയല്ലെന്നു ഞങ്ങൾക്കഭിപ്രായമുണ്ട്.

ഏകീകൃത നിയമത്തിലൂടെ, സർവ്വകലാശാലകളുടെ അക്കാദമിക—ഭരണങ്ങളിലുള്ള ജനാധിപത്യസ്വഭാവവും സ്വാതന്ത്ര്യവും നിഷേധിക്കുന്നതിനും, സ്കൂൾ തലത്തിൽ ഇതിനകം വേരുറച്ച വിദ്യാഭ്യാസത്തിന്റെയും, വരേണ്യവൽക്കരണത്തിന്റെയും സംസ്കാരം, അൺഎയിഡഡ്—സ്വയംഭരണ—സ്വാശ്രയ കോളേജുകൾ അനുവദിച്ചുകൊണ്ട് ഉപരിവിദ്യാഭ്യാസമണ്ഡലത്തിലേ

(ശേഷം അടുത്ത പേജിൽ)

---

കരിനിയമത്തിന്റെ മറെറാരു വികൃത മുഖം കാണുക: ഒരു ദിവസം പരീക്ഷാജോലിക്കെത്താൻ കഴിയാത്ത അധ്യാപകന്റെ മൂന്നുമാസത്തെ ശമ്പളം പിടിക്കുമെന്ന് നിയമത്തിൽ എഴുതിവച്ചിരിക്കുന്നു. മുമ്പ് എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ രണ്ടു മാസത്തെ ശമ്പളം പിടിക്കാനായിരുന്നു നിയമം. ഇപ്പോഴതു മൂന്നായി. സർക്കാരിന് വളർച്ചയുണ്ട്!

അധ്യാപകർക്ക് ഇതിനെ ചെറുക്കാൻ അനിശ്ചിതകാല പണിമുടക്കല്ലാതെ മററുമാർഗ്ഗമില്ല. അതിന്റെ മുന്നറിയിപ്പായി ജൂലൈ 28 നു നടക്കുന്ന പണിമുടക്ക് വമ്പിച്ച വിജയമാക്കുക.

എ കെ പി സി ടി എ സിന്ദാബാദ്
അധ്യാപകഐക്യം സിന്ദാബാദ്

ക്കും വ്യാപിപ്പിക്കുന്നതിനുമുള്ള സർക്കാരിൻെറപുറപ്പാട് അധിക്ഷേപാർഹമാണ്. സർവ്വകലാശാലകൾക്കുണ്ടാകേണ്ട സാമൂഹ്യ പ്രതിബദ്ധതയെ സർക്കാരിനോടുള്ള പൂർണവിധേയത്വമായി ചുരുക്കുന്നതിനും, അവയെ കേവലം സർക്കാർ വകുപ്പുകളാക്കിമാററുന്നതിനും ഉള്ളശ്രമവും അപലപനീയമാണ്.

നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നു പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത നിയമത്തിൻെറ കരട് ഇതുവരെ ജനപ്രതിനിധികൾക്കുപോലും നൽകാതെ രഹസ്യമാക്കിവച്ചിരിക്കുന്നതിൻെറ ഔചിത്യവും മനസ്സിലാകുന്നില്ല.

ധൃതിപിടിച്ചെടുക്കുന്ന തീരുമാനങ്ങൾ അടിച്ചേൽപിക്കപ്പെടുന്നത്, ഉന്നതവിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നു ഞങ്ങൾ ഭയപ്പെടുന്നു. സമസ്തജനവിഭാഗങ്ങളും ബന്ധപ്പെടുന്ന മേഖല എന്നനിലയിൽ വിദ്യാഭ്യാസരംഗത്തു വരുത്തുന്ന പരിഷ്ക്കാരങ്ങൾ ശ്രദ്ധാപൂർവ്വവും, ദീർഘവീക്ഷണത്തോടെയും ബന്ധപ്പെട്ട എല്ലാവരുമായും നടത്തുന്ന ചർച്ചയിൽ ഉരുത്തിരിയുന്ന ആശയസമന്വയത്തിലൂടെയും സാവകാശം നടപ്പിലാക്കേണ്ടവയാണെന്നു ഞങ്ങൾ കരുതുന്നു.

24-7-1993

സുകുമാർ അഴീക്കോട്, ബിഷപ്പ് പൌലോസ് മാർപൌലോസ്, പി. പി. ഉമ്മർകോയ, ഒ. എൻ. വി. കുറുപ്പ് എം. എൻ. വിജയൻ, പി. ഗോവിന്ദപിള്ള, ഹൈമവതി തായാട്ട്, ഐ.എം. വേലായുധൻ, ഡോ. എം. പി. പരമേശ്വരൻ കെ.വി. ദേവദാസ്, സി. കെ. ഭരതവർമ്മ, സാംബശിവൻ, തിരുനല്ലൂർകരുണാകരൻ, ഡോ: എം.എസ്. മേനോൻ,ഡോ: എൻ.വി.പി.ഉണിത്തിരി, പ്രൊഫ: വി. അരവിന്ദാക്ഷൻ, ഫാദർ. കെ. വി പൌലോസ്, ശ്രീരേഖ,എസ്.എൽ.പുരം സദാനന്ദൻ, ഇയ്യംകോടു ശ്രീധരൻ, സി. പി. നാരായണൻ, പിരപ്പൻകോടു മുരളി, ഐ. വി. ദാസ്, സി. വി. ശ്രീരാമൻ, ഡോ: കെ. മഹേശ്വരൻ നായർ, പ്രയാർ പ്രഭാകരൻ, ഡോ: എ. കെ. നമ്പ്യാർ, പാലക്കീഴ് നാരായണൻ, മണമ്പൂർ രാജൻബാബു, കരിവെള്ളൂർമുരളി,പ്രൊഫ:പി. വിജയൻ,നീലംപേരൂർ മധുസൂദനൻ നായർ, പ്രൊഫ: എ. സുധാകരൻ, ജി. സുധാകരൻ അഡ്വ: കെ ശങ്കുണ്ണിമേനോൻ, ഡോ: രാജൻ ഗുരുക്കൾ,അഡ്വ: ടി.വി. അബ്രഹാം,പി.സി. ചെറിയാൻ, അഡ്വ: പി. ജി. പത്മനാഭൻ, പാലീത്ര നാരായണൻ, പ്രൊഫ. കെ. ആർ. ജനാർദ്ദനൻ, കെ. ഇ. എൻ., തോപ്പിൽ ഗോപാലകൃഷ്ണൻ, ബി. രാജീവൻ, ഇ. വാസു, പ്രൊഫ: എസ്. ശിവദാസ്.

# പേരോ വലുത് പ്രമേയമോ?

കെ.പി സി.ടി. യു ഒരു ചോദ്യമെറിഞ്ഞിരിക്കുന്നു.
അദ്ധ്യാപകരുടെ നേർക്ക് കെ.പി സി.ടി. യു ഒരു ചോദ്യമെറിഞ്ഞിരിക്കുന്നു. അദ്ധ്യാപകരിതാ കെ.പി.സി.ടി യു.
അതാണ് മുകളിൽകൊടുത്തിരിക്കുന്നത്. എന്നാൽ അദ്ധ്യാപകരിതാ കെ.പി.സി.ടി യു.
വിനോട് ഇതേചോദ്യം തിരിച്ചുചോദിക്കുന്നു പറയുക . പേരോ വലുത് പ്രമേയമോ?

പരമ ദയനീയമായൊരവസ്ഥയിലാണ് കെ പി.സി.ടി.യു. ഒരു സംഘടനയുടെ
ചരിത്രത്തിലും നാളിതുവരെ കേട്ടുകേൾവിപോലുമില്ലാത്ത കൊടിയ വഞ്ചന ആ സം
ഘടന അദ്ധ്യാപകരോടു ചെയ്തു. അദ്ധ്യാപകരുടെ സ്ഥലംമാററ നിയമത്തെ എതിർ
ത്ത് കെ പി.സി.ടി.യു. പ്രതിനിധി കേരള യൂണിവേഴ്സിററി സിൻറിക്കേററിൽ വോ
ട്ടുചെയ്തു. കെ.പി.സി.ടി യു. പ്രതിനിധിയുടെ ഒരൊററ വോട്ടുകൊണ്ട് നിയമം
പരാജയപ്പെട്ടു. ഈ പാതകം ചെയ്തിട്ട് നിൽക്കക്കള്ളിയില്ലാതായ സംഘടന ഇപ്പോൾ
വലിയൊരു നുണ പറഞ്ഞു തടിതപ്പാൻ ശ്രമിക്കുന്നത് ഏറെ വിചിത്രമായിരിക്കുന്നു.
സ്ഥലംമാററ നിയമം എ കെ പി.സി.ടി.എ പ്രതിനിധിയുടെ പേരിൽ വന്നതുകൊണ്ടാ
ണ് ഞങ്ങളെതിർത്തതെന്നാണ്. (നോക്കണേ അദ്ധ്യാപക സ്നേഹത്തിൻെറ പോക്ക്)

ഇനി വസ്തുതയെന്താണ്? ഈ നിയമം സെനററ് ഏകകണ്ഠമായി ആദ്യം
പാസാക്കിയതാണ്. അന്ന് പേരിൻെറ പരാതി ആരും പറഞ്ഞില്ല. അപ്പോൾ അതല്ല
കാര്യം എന്നുവരുന്നു. കാര്യം അറിയുമ്പോഴാണ് കെ.പി.സി.ടി.യു എന്ന കപട
സംഘടനയുടെ വികൃതമുഖം അനാവരണം ചെയ്യപ്പെടുന്നത്.

സെനററ് പിരിച്ചുവിടപ്പെട്ടശേഷം, സെനററിൻെറ അധികാരി കയ്യാളുന്ന സിൻ
ഡിക്കേററിൻെറ മുന്നിലാണ് സ്ഥലംമാററനിയമം രണ്ടാമതുവന്നത്. ആ സിൻഡിക്കേ
ററ് വിളനിലത്തിൻെറ അനുകൂലികളെന്നും പ്രതികൂലികളെന്നും രണ്ടായിപിരിഞ്ഞു
നിൽക്കുകയാണ്. കെ.പി സി ടി യു വിളനിലത്തിൻെറ പക്ഷത്താണ്. വിളനില
ത്തെ സംരക്ഷിക്കുന്ന സർക്കാരിൻെറ കൂടെയാണ്. അവരെല്ലാം കൂടി ഒരു 'സിൻഡിക്കേ
ററാ'യിനിന്ന് അദ്ധ്യാപകതാൽപര്യങ്ങളെ എതിർത്തു തോൽപിച്ചുകൊണ്ടിരിക്കയാ
ണ്. അതിൻെറ ഭാഗമായിത്തന്നെയാണ് സ്ഥലം മാററനിയമത്തിനെതിരായി വോട്ടു ചെ
യ്തതും. ഈ അവിഹിത കൂട്ടുകെട്ട് മറച്ചുവയ്ക്കാനാണ് ഇപ്പോൾ തത്രപ്പെടുന്നത്.

യൂണിവേഴ്സിററി പാസാക്കുന്ന ഒരു നിയമവും ആരുടെയെങ്കിലും പേരിൽ
നിലനിൽക്കുന്നതായി എ.കെ പി.സി.ടി.എ യ്ക്ക് അറിവില്ല

## കോട്ടയം-ഇടുക്കി കൺവെൻഷൻ

അധ്യാപരുടെ നിലനില്പുതന്നെ ചോദ്യംചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ,
സമര രംഗത്തിറങ്ങുകയേ മാർഗ്ഗമുള്ളുവെന്ന് ജൂൺ 24 നു നടന്ന എ കെ പി.സി.
ടി എ കോട്ടയം-ഇടുക്കി കൺവെൻഷൻ അഭിപ്രായപ്പെട്ടു. ബസേലിയസ് കോളേ
ജിൽചേർന്ന കൺവൻഷനിൽ ജില്ലാപ്രസിഡൻറ് ഇ. പി. മാത്യു അധ്യക്ഷതവഹി
ച്ചു. ഏകീകൃത സർവ്വകലാശാലാനിയമത്തിൽ അടങ്ങിയിരിക്കുന്ന അപകടങ്ങളെ
പ്പററി പ്രൊഫ. ജി. മാധവൻനായർ വിശദീകരിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ.
കെ. സദാശിവൻ-നായർ പ്രവർത്തക സമിതിയുടെ തീരുമാനങ്ങൾ റിപ്പോർട്ടു
ചെയ്തു.



# ഐഫക്ടോ കോൺഫറൻസ്

## പ്രൊഫ. എസ്. വിശ്വനാഥൻ

സെക്രട്ടറി, ഐഫക്ടോ

ഓൾ ഇൻഡ്യാ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ആൻറ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻസിൻെറ (ഐഫക്ടോ) ദ്വൈവാർഷിക സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് ഇപ്രാവശ്യം ചേർന്നത് ചാർമിനാറിൻെറ നാടായ ഹൈദ്രാബാദിൽ വച്ചായിരുന്നു

1992 മേയിൽ സിലിഗുരിയിൽ ചേർന്ന ഐഫക്ടോയുടെ വാർഷിക സമ്മേളനത്തെത്തുടർന്നുവന്ന ഒരു വർഷം ഇൻഡ്യാചരിത്രത്തിലെ ഏററവും ഇരുണ്ട കാലഘട്ടങ്ങളിലൊന്നാണ്. അയോദ്ധ്യാസംഭവം, സ്റേറാക് മാർക്കററ് സ്കാം, ബോംബേയിലും മററും അഴിഞ്ഞാടിയതുപോലുള്ള അതിഭീകരമായ വർഗ്ഗീയകലാപങ്ങൾ—എന്നിങ്ങനെ ഒട്ടേറെപ്പേരുടെ ജീവഹാനിക്കും നാടിൻെറ യശസ്സിനും സാമ്പത്തികഭദ്രതക്കും കോട്ടം തട്ടുന്നതുമായ എണ്ണമററ സംഭവങ്ങൾക്ക് ഈ കാലഘട്ടം സാക്ഷ്യം വഹിക്കേണ്ടിവന്നു. ചുരുക്കത്തിൽ കേന്ദ്രഗവൺമെൻറിൻെറ സാമ്പത്തിക നയപരിപാടികൾ ഈ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെ അപകടപ്പെടുത്താൻ പോന്നതാണെങ്കിൽ ഇവിടത്തെ പുത്തൻ വിദ്യാഭ്യാസനയ പരിപാടികൾ ഈ നാടിൻെറ സാംസ്കാരിക പൈതൃകത്തേയും തീർത്തും നശിപ്പിക്കുവാൻ പോന്നതാണ്.

സ്വാഭാവികമായും ഇത്തരമൊരു സാഹചര്യത്തിൽ ഇൻഡ്യയിലെ മൂന്നര ലക്ഷത്തോളം വരുന്ന കോളേജ് യൂണിവേഴ്സിററി അധ്യാപകരുടെ ആശയും ആവേശവുമായ ഐഫക്ടോയുടെ ഇപ്രാവശ്യത്തെ സ്റ്റാററ്യൂട്ടറി കോൺഫറൻസിന് വളരെയേറെ പ്രാധാന്യമുണ്ട്. പ്രസിഡൻറ് പ്രൊഫ. സുധീർറോയ് എം പിയുടെ അദ്ധ്യക്ഷതയിൽ ജൂൺ 4-ാം തീയതി 10.30 ന് ആരംഭിച്ച യോഗം ഉദ്ഘാടനം ചെയ്തത് ആന്ധ്രാപ്രദേശ് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ പാട്ടിരാജനാണ്. ജനറൽ സെക്രട്ടറി പ്രൊഫ. മൃൺമോയ് ഭട്ടാചാര്യ റിപ്പോർട്ടും ട്രഷറർ പ്രൊഫ. എ. ബാനർജി വരവ് ചെലവു കണക്കുകളും അവതരിപ്പിച്ചു തുടർന്ന് വിശദമായ ചർച്ചനടന്നു.

കേന്ദ്ര ഗവൺമെൻറ് അനുവർത്തിച്ചുവരുന്ന വികലമായ സാമ്പത്തികനയം മററുമേഖലകളിലെന്നപോലെ വിദ്യാഭ്യാസ രംഗത്തും ഒട്ടേറെ അപകടങ്ങൾക്ക് വഴിതെളിക്കുമെന്ന് യോഗം വിലയിരുത്തി. പൊതു വിദ്യാഭ്യാസത്തിന് പ്രത്യേകിച്ചും കേന്ദ്രബഡ്ജററിൽ വകകൊള്ളിച്ചിട്ടുള്ള തുക മുൻ വർഷങ്ങളിലേതിൽ നിന്നും കുറച്ചുകളഞ്ഞതിൽ കോൺഫറൻസ് ഉത്കണ്ഠയും അമർഷവും രേഖപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യൂണിവേഴ്സിററികളുടെ സ്വയംഭരണത്തേയും ജനാധിപത്യ

സ്വഭാവത്തേയും നശിപ്പിക്കാൻ വേണ്ടി നടത്തുന്ന പിൻതിരിപ്പൻ നീക്കങ്ങളെ ചെറുത്തു തോല്പിക്കാൻ ഐഫക്ടോ അംഗങ്ങളെ ആഹ്വാനം ചെയ്യുന്നു.

വർഗീയതയും വിഘടനവാദവും ദേശീയ തലത്തിൽ ഏററവും വലിയ ഭീഷണിയായി ഉയർന്നുവന്നിരിക്കുന്നു. ഇതിനെതിരെ അതിശക്തമായ ബഹുജന പ്രക്ഷോഭം ഇൻഡ്യയിലെമ്പാടും ശക്തി പ്രാപിച്ചുവരുന്നു 1993 സെപ്തംബർ 9-ന് പൊതുപണിമുടക്ക് നടത്തി ഈ വിപത്തിനെതിരെ പോരാടാൻ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിലുള്ള നാഷണൽ കാമ്പെയിൻ കമ്മിററി തീരുമാനിച്ചിരിക്കുന്നു ദേശസ്നേഹവും ഉത്തരവാദിത്വബോധവുമുള്ള ആർക്കും ഇത്തരമൊരു ഘട്ടത്തിൽ അലസമായിരിക്കാൻ കഴിയില്ല, ഐഫക്ടോയ്ക്ക് പ്രത്യേകിച്ചും.

1. പൊതുവിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനും വേണ്ടി നീക്കിവയ്ക്കുന്ന തുക വർദ്ധിപ്പിക്കുക.
2. വിദ്യാഭ്യാസം സ്വകാര്യവത്കരിക്കാനുള്ള നീക്കങ്ങളിൽ നിന്നും കേന്ദ്രസംസ്ഥാന സർക്കാരുകൾ പിന്തിരിയുക.
3. ജ്ഞാനം കമ്മിററി റിപ്പോർട്ട് തള്ളിക്കളയുക.
4. കോളേജുകളിൽ റീഡേഴ്സിൻെറയും പ്രൊഫസ്സേഴ്സിൻെറയും തസ്തികകൾ അനുവദിക്കുക.
5. വിദ്യാഭ്യാസമേഖല വരേണ്യവത്കരിക്കാനും യൂണിവേഴ്സിററികളുടെ ജനാധിപത്യ സ്വഭാവം നശിപ്പിച്ച് വെറും സർക്കാർ വകുപ്പാക്കി മാററാനുമുള്ള ശ്രമങ്ങളിൽ നിന്നും കേന്ദ്രസംസ്ഥാന സർക്കാരുകൾ പിന്തിരിയുക.
6. കോളേജ്-യൂണിവേഴ്സിററി അധ്യാപകരുടെ ശമ്പളം ടെക്നോളജി-മാനേജുമെൻറ് ഇൻസ്ററിററ്യൂട്ടുകളിലെ അധ്യാപകരുടെ ശംബളത്തിന് തുല്യമാക്കി നേരത്തെ നിലനിന്നിരുന്ന പാരിററി പുനഃസ്ഥാപിക്കുക.

ഉന്നതവിദ്യാഭ്യാസ മേഖലയെ നേരിട്ട് ബാധിക്കുന്ന അതീവ ഗുരുതരങ്ങളായ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സെപ്തംബർ 9 ൻെറ പൊതു പണിമുടക്കിൽ പങ്കുചേരാൻ ഐഫക്ടോ ആഹ്വാനം ചെയ്യുന്നു.

കോൺഫറൻസിലെ ഏററവും തിളക്കമാർന്ന പരിപാടികളിലൊന്ന് രണ്ടാം ദിവസം നടന്ന ദേശീയ സെമിനാറായിരുന്നു കാലികമായി ഏററവും പ്രസക്തമായ "ഉന്നത വിദ്യാഭ്യാസ മേഖലയുടെസ്വകാര്യവത്കരണവും സാമ്പത്തിക പ്രശ്നങ്ങളും" എന്നതായിരുന്നു വിഷയം. ഓസ്മേനിയ യൂണിവേഴ്സിററി വി. സി. പ്രൊ. എം. മല്ലാറെഡ്ഡി, കാകത്തിയ യൂണിവേഴ്സിററി വി. സി. ഡോ. ജയശങ്കർ തുടങ്ങിയവർ പ്രശ്നത്തിൻെറ നനാവശങ്ങളെ വിശദീകരിച്ചുകൊണ്ട് ചർച്ചയിൽ പങ്കെടുത്തു.

മൂന്നാം ദിവസവും ചർച്ച തുടർന്നു. ഏകീകൃത നിയമം കൊണ്ടുവരാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയണമെന്ന് കേരള സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയവും ഐഫക്ടോ കോൺഫറൻസ് അംഗീകരിച്ചു.

വരുന്ന രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പായിരുന്നു കോൺഫറൻസിലെ അവസാനത്തെ പ്രധാന ഇനം. കേരളത്തിൽനിന്നും എസ്. വിശ്വനാഥൻ വീണ്ടും നാഷണൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു.

ഏ കെ പി സി ടി എ സിന്ദാബാദ് — ഐഫക്ടോ സിന്ദാബാദ്

## സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ബ്രാഞ്ചുകളിൽനിന്നും ഉടൻതന്നെ മെമ്പർഷിപ്പ് ട്രഷററർക്ക് അയച്ചുകൊടുക്കുക. ജേർണൽ വരിസംഖ്യ മാനേജിംഗ് എഡിററർക്കും അയയ്ക്കുക. കാലതാമസം വരുത്തരുതെന്ന് അഭ്യർത്ഥിക്കുന്നു:

**ജനറൽ സെക്രട്ടറി**

# ഏകീകൃത സർവകലാശാലാ നിയമം ഒരു ശ്രീലങ്കൻ മുന്നറിയിപ്പ്

ഡോ. രാജൻ ഗുരുക്കൾ
പ്രൊഫ. ജോയ്ജോബ് കുളവേലി

പ്രമുഖ വിദ്യാഭ്യാസ കമീഷനുകളുടെ ശുപാർശകൾ പഠിച്ചും സർവകലാശാലകളുടെ ഇന്നത്തെ പ്രവർത്തനരീതികൾ വിലയിരുത്തിയും ഒരു വിദഗ്ധസമിതി ഏകീകൃത സർവകലാശാല നിയമത്തിന് പ്രാരൂപം നൽകിക്കഴിഞ്ഞിരിക്കുന്നു. സർവകലാശാലകളുടെ നിലവിലുള്ള സംവിധാനത്തിൽ പ്രകടമായിക്കാണുന്ന ന്യൂനതകൾ പരിഹരിച്ച് ഉന്നതവിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കുക എന്നതാണ് പുതിയ നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. സർവകലാശാലകളുടെ സ്വയംഭരണത്തോടൊപ്പം സാമ്പത്തിക ബോധം കൂടി വളർത്തുക; സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുക; അധികാരസമിതികളുടെ അധികാരപരിധി നിർണയിക്കുക; നയനിർണയപ്രക്രിയ ക്രമീകരിക്കുക; സ്വയംഭരണ കോളേജുകൾ സ്ഥാപിക്കുക; പരീക്ഷാവിഭാഗം വേർപെടുത്തി ഏകീകൃത കലണ്ടറനുസരിച്ച് പരീക്ഷകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക എന്നിങ്ങനെ പല ലക്ഷ്യങ്ങളാണ് പറഞ്ഞിരിക്കുന്നത്.

വിദഗ്ധസമിതി ചൂണ്ടിക്കാട്ടുന്ന ന്യൂനതകൾ ലക്ഷ്യങ്ങളുടെ യഥാർഥ സ്വഭാവം കുറേക്കൂടി വ്യക്തമാക്കുന്നു. സെനററ്, സിൻഡിക്കേററ്, അക്കാദമിക്ക് കൗൺസിൽ എന്നിവയുടെ ഘടനാപരമായ സംതുലിതാവസ്ഥ; സിൻഡിക്കേററിന്റെ അപ്രായോഗികമായ അധികാരവ്യാപ്തി; വൈസ് ചാൻസലറുടെ അധികാരപരിമിതി; കമ്മിററി ഭരണത്തിന്റെ കെടുകാര്യസ്ഥത; ഭരണനിപുണന്മാരായ ഉദ്യോഗസ്ഥവൃന്ദത്തിന്റെ നേതൃത്വവാസനക്കുറവ്; തെരഞ്ഞെടുപ്പുകളുടെ അമിതപ്രാധാന്യം; ഗവേഷണപഠനങ്ങളെക്കാൾ പരീക്ഷാനടത്തിപ്പിനു വരുന്ന ഊന്നൽ; പരീക്ഷാഭാരവും തന്മൂലമുള്ള ക്രമക്കേടുകളും; അക്കാദമിക് കമ്യൂണിററിയും വിദ്യാർത്ഥികളും ജീവനക്കാരും സമൂഹവും പ്രതിനിധാനം ചെയ്യുന്ന വ്യത്യസ്ത താൽപര്യങ്ങളെ ഏകോപിപ്പിക്കുന്ന ഏജൻസിയുടെ അഭാവം തുടങ്ങിയവയാണ് സമിതി ചൂണ്ടിക്കാട്ടുന്ന പ്രധാന ന്യൂനതകൾ.

നിർദിഷ്ട പരിഹാര മാർഗങ്ങൾ ചിത്രം പൂർണമാക്കുന്നു. സർവകലാശാലാ സമിതികളുടെ അധികാരം കുറയ്ക്കുക; വൈസ്ചാൻസലറുടെ അധികാരം വർധിപ്പിക്കുക; സർക്കാരിനും സർവകലാശാലകൾക്കുമിടയിൽ ഒരു ഉന്നത വിദ്യാഭ്യാസസമിതി ഉണ്ടാക്കുക; തെരഞ്ഞെടുപ്പുകൾ ചുരുക്കി നാമനിർദേശസമ്പ്രദായം സ്വീകരിക്കുക തുടങ്ങിയ നടപടികളാണ് പരിഹാരമായി നിർദേശിക്കുന്നത്.

പ്രഖ്യാപിത ലക്ഷ്യങ്ങളും ചൂണ്ടിക്കാണപ്പെട്ടിരിക്കുന്ന ന്യൂനതകളും നിർദിഷ്ട പരിഹാരങ്ങളും തമ്മിൽ പ്രകടമായ വൈരുധ്യങ്ങളുണ്ട്. യഥാർഥ ലക്ഷ്യവുമായി പൊരുത്തപ്പെടാത്ത കാര്യങ്ങളാണ് പ്രത്യക്ഷ ലക്ഷ്യങ്ങളായി പറഞ്ഞിരിക്കുന്നവയിൽ പലതും. തന്മൂലം പരിഹാരങ്ങൾ പ്രഖ്യാപിത ലക്ഷ്യങ്ങളോട് ഇടഞ്ഞുനിൽക്കുന്നു. സ്വയംഭരണം ഉറപ്പുവരുത്താൻ ഉന്നതാധികാരസമിതിയെ ശുപാർശ ചെയ്യുന്നതിലും ബ്യൂറോക്രസിയുടെ നേതൃത്വം നിർദേശിക്കുന്നതിലുംസർവകലാശാലാസമിതികളുടെ അധികാരം ചുരുക്കാൻ പറയുന്നതിലും അടങ്ങിയിരിക്കുന്ന പൊരുത്തക്കേടുകൾ ഉദാഹരണമാണ്. ന്യൂനതകളായിചൂണ്ടിക്കാട്ടിയ പലതും പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്ന ഘടകങ്ങളാണെന്ന വിരോധാഭാസം കാണാം.

സ്വയംഭരണം ഉറപ്പുവരുത്തുന്ന സുപ്രധാന ഘടകം സിൻഡിക്കേററിന്റെ നിയമനിർമാണ നീതിനിർവഹണ ഭരണാധികാരപദവിയാണ്. അപ്രായോഗികവും അസാധാരണവുമായ അധികാരകേന്ദ്രീകരണമാണിതെന്നും നിലവിലുള്ള സംവിധാനത്തിന്റെ ഏററവും ഗൗരവാവഹമായ ന്യൂനതയാണിതെന്നുമാണ് വിദഗ്ധസമിതി

യുടെ കണ്ടെത്തൽ! ഒരുദാഹരണം പറഞ്ഞെന്നേയുള്ളു. സൂക്ഷ്മപരിശോധനയിൽ ഈ വൈരുദ്ധ്യഭൂമികയുടെ വ്യാപ്തി സമഗ്രമാണെന്ന് ആർക്കും ബോധ്യപ്പെടും.

യഥാർത്ഥ ലക്ഷ്യം അധികാര കേന്ദ്രീകരണമാണ്. ഭരണകൂടത്തിന്റെ അധികാരത്തിലേക്ക് സ്വയംഭരണ സംവിധാനത്തെ ലയിപ്പിക്കുകയാണ് ലക്ഷ്യം. സർവകലാശാല സമിതികളുടെ ജനാധിപത്യസ്വഭാവം തകർക്കുകയും ബ്യൂറോക്രസിയുടെ അതിപ്രസരംവഴി അധികാരത്തെ ഭരണകൂടത്തിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്യാനുള്ള സംരംഭമാണ് പുതിയ നിയമത്തിനു പിന്നലെയുള്ളത്. തെരഞ്ഞെടുപ്പ് ഒരു വലിയ ന്യൂനതയാണെന്ന് ചൂണ്ടിക്കാട്ടുന്ന വിദഗ്ധസമിതി കേന്ദ്രീകൃത അധികാരഘടനയുടെ വക്താവായി പ്രവർത്തിക്കുന്നു. ജനാധിപത്യ സംവിധാനത്തെ തകിടംമറിക്കുന്ന ഭരണരീതി ജനപ്രതിധിധികൾക്ക് സ്വീകാര്യമായി തോന്നുന്നത് അവർ ബ്യൂറോക്രസിയുടെ പിടിയിൽ അമർന്നുപോവുന്നതുകൊണ്ടാണ്.

ഭരണകൂടത്തിന്റെ അധികാരകേന്ദ്രീകരണതന്ത്രങ്ങളും ബ്യൂറോക്രസിയുടെ കടന്നാക്രമണങ്ങളും സർവകലാശാലകളുടെ ചരിത്രത്തിൽ പുതിയ അനുഭവമൊന്നുമല്ല. ഈ രാജ്യത്ത് ഒരു വലിയ പ്രതിസന്ധിയിലേക്ക് അവ വളരുന്നത് ഇത് ആദ്യമായിട്ടാണെങ്കിലും ലോകത്ത് പലേടങ്ങളിൽ ഇതിനുമുമ്പ് സർവകലാശാലകളുടെ സ്വയംഭരണത്തിനുമേൽ ഭരണകൂടവും ബ്യൂറോക്രസിയും കൂച്ചുവിലങ്ങുകളിടാൻ ശ്രമിച്ച ചരിത്രവുമുണ്ട്. സ്വയംഭരണത്തിനും ജനാധിപത്യസംവിധാനത്തിനുമെതിരെ ആഞ്ഞടിച്ച ഭരണകൂടങ്ങൾ തകർന്നുവീണതിന്റെയും ബ്യൂറോക്രസി മുട്ടുമടക്കിയതിന്റെയും ചരിത്രമേ പല രാജ്യങ്ങളിലും സർവകലാശാലകൾക്കു പറയാനുള്ളൂ.

പത്തൊമ്പതാം നൂററാണ്ടിലെ റഷ്യയിലും ഈ നൂററാണ്ടിന്റെ മുപ്പതുകളിൽ ചൈനയിലും അമ്പതുകളിൽ ക്യൂബയിലും ജർമനിയിലും അറുപതുകളിൽ ഫ്രാൻസിലും നടന്ന സർവകലാശാലാ പ്രക്ഷോഭങ്ങൾ ഇവിടെ സ്മരണീയങ്ങളാണ്. ബൊളീവിയയിലും വെനിസുലയിലും ഇന്തോനേഷ്യയിലും തെക്കൻവിയത്നാമിലും ഭരണകൂടങ്ങൾ തറപററിയ സാഹചര്യങ്ങൾ ഇവിടെ സ്മരിക്കാവുന്നതാണ്. എല്ലാംകൊണ്ടും ഏറെ സാമ്യമുള്ള ഒരു സാഹചര്യം നിലനിന്ന ശ്രീലങ്കയിലെ അനുഭവം ഇവിടെ അങ്ങേയററം പ്രസക്തമായതുകൊണ്ട് കുറച്ചൊന്നു വിസ്തരിച്ചു പറയാം.

ശ്രീലങ്കയിൽ എഴുപതുകളിലാണ് കൂട്ടുമന്ത്രിസഭയെ പിടിച്ചുകുലുക്കി മുട്ടുകുത്തിച്ച ആ സംഭവമുണ്ടായത്. 1964ൽ തന്നെ സിലോൺ സർവകലാശാലക്കു മേൽ നിയന്ത്രണമേർപ്പെടുത്തുന്നതിനെക്കുറിച്ച് ഭരണകൂടവും ബ്യൂറോക്രസിയും ആലോചനകളാരംഭിച്ചു. രണ്ടു കൊല്ലത്തിനുശേഷം ശ്രീലങ്കൻ സർവകലാശാലകളെ ഒരു ഏകീകരണനിയമം വഴി (Act No 20 of 1966) ഭരണകൂടത്തിന്റെയും ബ്യൂറോക്രസിയുടെയും ചൊൽപ്പടിയിൽ നിർത്തി ശ്രീലങ്കയുടെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിലെ നിർണായകങ്ങളായ അനേകം സംഭവങ്ങൾക്കു തുടക്കം കുറിച്ച ഒന്നായിരുന്നു ആ ഏകീകരണനിയമം. 1966 വരെ വിജയകരമായി പ്രവർത്തിച്ച സർവകലാശാലാ സ്വയംഭരണ സംവിധാനം തകർക്കുകയും ഒരു ഉന്നതാധികാരസമിതിവഴി ഭരണകൂടം നേരിട്ട് സർവകലാശാലകളുടെ പരിപൂർണ നിയന്ത്രണം സാധിക്കുകയും ചെയ്ത നിയമമായിരുന്നു അത്.

ഉന്നതവിദ്യാഭ്യാസ രംഗം കാര്യക്ഷമമാക്കുക, ദേശീയതലത്തിൽ ഐക്യരൂപ്യമുള്ള വിദ്യാഭ്യാസനയം കരുപ്പിടിപ്പിക്കുക, നിലവാരം ഉയർത്തുക, അഴിമതികൾ അവസാനിപ്പിക്കുക എന്നിങ്ങനെ ചില ന്യായങ്ങളാണ് ശ്രീലങ്കൻ ഭരണകൂടം ലക്ഷ്യങ്ങളായി പറഞ്ഞിരുന്നത്. പെട്ടെന്നുണ്ടായ നിയമപരിഷ്കാരം ആരംഭത്തിൽ പ്രകടമാക്കിയ ശുഭാപ്തിവിശ്വാസത്തിൽ അക്കാദമിക് കമ്യൂണിററി മയങ്ങിപ്പോയെങ്കിലും സ്വയംഭരണാവകാശം നഷ്ടപ്പെട്ട ഉന്നതവിദ്യാഭ്യാസ മണ്ഡലം ഭരണമന്ത്രാലയത്തിന്റെ താന്തോന്നിത്തരത്തിന് പാത്രമാവുകയാണെന്ന് മനസ്സിലായതോടെ പ്രതിഷേധസ്വരമുയർത്താൻ തുടങ്ങി. സമസ്ത വിദ്യാഭ്യാസസ്ഥാപനങ്ങൾവഴി രാജ്യമൊട്ടാകെ കത്തിപ്പടർന്ന പ്രക്ഷോഭങ്ങളിൽ ഭരണകൂടം തകരുകയും മറെറാന്ന് രൂപപ്പെടുകയും ചെയ്തു.

സർവകലാശാലകളുടെ സ്വയംഭരണം വീണ്ടെടുക്കുമെന്നത് മുഖ്യതെരഞ്ഞെടുപ്പ് വാഗ്ദാനമാക്കിയ മൂൻ പ്രതിപക്ഷ കൂട്ടുകെട്ടുകൾ 1970 മെയ് മാസത്തിൽ നടന്ന പൊതുതെര

(ശേഷം 25-ാം പേജ്)

# ഉന്നതവിദ്യാഭ്യാസരംഗം സമീപനവും നിർദേശങ്ങളും

1. കേരള-കാലിക്കററ് സർവകലാശാലകളിൽ നിലവിലുള്ള സർവകലാശാലാനിയമം ഉന്നത വിദ്യാഭ്യാസത്തിൻെറ വളർച്ചയുടെ പ്രത്യേകഘട്ടത്തിലാണ് നടപ്പിലാക്കപ്പെട്ടത്. അറുപതുകളിൽ ഉന്നത വിദ്യാഭ്യാസത്തിൻെറ ആവശ്യം വൻതോതിൽ വളർന്നുവന്നു. ധാരാളം കോളേജുകൾ സ്ഥാപിക്കപ്പെട്ടു 1964ൽ രണ്ടുവർഷ പ്രീഡിഗ്രി കോളേജുകളിൽ നിലനിർത്താൻ തീരുമാനമെടുത്തത് വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും എണ്ണം വർധിപ്പിക്കുന്നതിനും കാരണമായി. പുതിയൊരു സർവകലാശാലയുടെ ആവശ്യം ഈ സാഹചര്യത്തിലാണ് ഉണ്ടായത്.

2. ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസത്തിൻെറ ആസൂത്രണത്തെ പററി നിലവിലിരുന്ന സങ്കൽപങ്ങളും ഭിന്നമായിരുന്നു. പൊതുവിദ്യാഭ്യാസത്തിൽനിന്നു വിഭിന്നമായി സവിശേഷ പരിശീലനമാണ് ഉന്നതവിദ്യാഭ്യാസത്തിൻെറ ലക്ഷ്യമെന്നംഗീകരിക്കപ്പെട്ടു. സർവകലാശാലകളുടെ സ്വയംഭരണം, ജനാധിപത്യവൽക്കരണം, അക്കാദമിക് സ്വാതന്ത്ര്യം, വിദ്യാർത്ഥികളുടെ ഭരണത്തിലുള്ള പങ്കാളിത്തം എന്നിവയും അംഗീകരിക്കപ്പെട്ടു. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സ്വയംഭരണം എന്ന ആശയം അക്കാദമിക് സമുദായത്തിന് ലഭിക്കുന്ന ജനാധിപത്യാവകാശങ്ങളുടെ വിപുലീകരണം എന്ന അർത്ഥത്തിലാണ് ഉപയോഗിക്കപ്പെട്ടത്.

3. കേരള-കാലിക്കററ് സർവകലാശാലാ നിയമങ്ങളിൽ ഏററവും വിശാലമായ ജനാധിപത്യാവകാശങ്ങളാണ് അക്കാദമിക് സമുദായത്തിന് ലഭിച്ചത്. അതിനോടൊപ്പം റജിസ്റേറർഡ് ബിരുദധാരികൾ എന്ന നിലയിൽ ജനപ്രതിനിധികൾക്കും അവകാശങ്ങൾ ലഭിച്ചു. അതേസമയം കോളേജുകളുടെഎണ്ണം പെരുകി. പ്രൈവററ് രജിസ്ട്രേഷനിലൂടേയും ധാരാളം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസരംഗത്തു വന്നു. വ്യക്തമായ ലക്ഷ്യബോധവും ആസൂത്രണവുമില്ലാതെ ധാരാളം കോഴ്സുകൾ അനുവദിക്കപ്പെട്ടു. ഈ കോഴ്സുകളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനോ അനുയോജ്യമായ സൗകര്യങ്ങൾ കോളേജുകളിൽ ഉണ്ടാകുമെന്ന് ഉറപ്പുവരുത്തുന്നതിനോ ശ്രദ്ധയുണ്ടായില്ല. സർവകലാശാലകളുടെ പ്രധാന ജോലി പരീക്ഷ നടത്തുകയെന്നതായി. കോളേജുകളിലെ പഠനം പരീക്ഷാകേന്ദ്രീകൃതമായി.

4. എഴുപതുകളിലും എൺപതുകളിലും കേന്ദ്രത്തിലും, ഇന്ത്യയിൽ പൊതുവിലും വളർന്നുവന്ന വികസന പ്രതിസന്ധി കേരളത്തിലെ വിദ്യാഭ്യാസത്തേയും ബാധിച്ചു. സമൂഹവികാസത്തിൻെറ താല്പര്യങ്ങൾക്കനുസൃതമായി വിദ്യാഭ്യാസത്തിൽ വേണ്ടത്ര മാററങ്ങൾ വരുത്താതിരുന്നതും കാരണമായി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെപ്പററിയുള്ള കോത്താരി കമ്മീഷൻ റിപ്പോർട്ടിൻെറ നിർദേശങ്ങൾ ഏട്ടിലൊതുങ്ങി. അതിൻെറ ഭാഗമായി നടത്തപ്പെട്ട പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടു. സമൂഹപ്രതിസന്ധി അക്കാദമിക് വിദ്യാഭ്യാസത്തിൻെറ പ്രതിസന്ധിയായിമാറി.

5 ഈ പ്രതിസന്ധിക്കെതിരായ സമരങ്ങൾ പല രൂപത്തിൽ വളർന്നുവന്നു. കലാലയ രാഷ്ട്രീയത്തിന്റെ വളർച്ച ഇതിലൊരു ഭാഗമായിരുന്നു. കലാലയങ്ങളുടെ ജനാധിപത്യവൽക്കരണം എഴുപതുകളുടെ ആദ്യത്തിൽതന്നെ പൂർത്തിയായിരുന്നു. ഫീസ് ഏകീകരണസമരം, കലാലയങ്ങളുടെ സ്വകാര്യവൽക്കരണത്തിനും കച്ചവട വൽക്കരണത്തിനും എതിരായ സമരങ്ങൾ, സേവനഭദ്രതയ്ക്കും ശമ്പളഏകീകരണത്തിനുമുള്ള അധ്യാപകരുടെ സമരങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമായിരുന്നു. അതിനോടൊപ്പം കേരളത്തിലെ രാഷ്ട്രീയ സംഘർഷങ്ങൾ കലാലയങ്ങളിലേക്ക് കടന്നുവരുകയും വിദ്യാർഥികളുടെ വളർന്നുവന്ന ജനാധിപത്യ ഐക്യത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്തു. അനാവശ്യസമരങ്ങൾ, സംഘട്ടനങ്ങൾ തുടങ്ങിയവ വളർന്നുവന്നു. അരാഷ്ട്രീയവൽക്കരണത്തിന്റേയും ജനാധിപത്യവിരുദ്ധ പ്രവണതകളുടേയും വളർച്ചയിലേക്കുവരെ ഇത് നയിച്ചു.

6. സമൂഹവികസനത്തിന്റെ പ്രശ്നങ്ങളും അക്കാദമിക് വിദ്യാഭ്യാസത്തിന്റെ ഘടനയും തമ്മിലുള്ള വൈരുധ്യങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തെ സമൂഹ യാഥാർഥ്യങ്ങളിൽനിന്നും കൂടുതൽ അകററി. ഔപചാരികവിദ്യാഭ്യാസം വിവിധ ജാതിമത സംഘടനകളുടേയും മുതലാളിമാരുടെയും കറവപ്പശുവായി. നിലവാരമില്ലാത്ത കോഴ്സുകളും കോളേജുകളും ധാരാളമായി. ബിരുദധാരികളെങ്കിലും സാമാന്യ വിദ്യാഭ്യാസത്തിന്റെ നിലവാരംപോലുമില്ലാത്തവരുടെ എണ്ണം വർധിച്ചു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും വർധിച്ചു. അതോടൊപ്പം സമൂഹവികസനത്തിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യം വളർന്നുവന്നില്ല. സാമാന്യവിദ്യാഭ്യാസം ലഭിച്ച, എന്നാൽ വിവിധ ഉല്പാദനമേഖലകളിൽ കാര്യമായ ഒരു സംഭാവനയും നൽകാൻ കഴിയാത്ത യുവാക്കളുടെ എണ്ണം വർധിച്ചുവന്നു. നിലവിലുള്ളതും (കൃഷി മുതലായവ) പുതിയതായി ഉണ്ടായിവന്നതുമായ (പണമിടപാടുകാർ, ബ്രോക്കർമാർ, വില്പന ഏജൻറുകൾ, കച്ചവടക്കാർ) മേഖലകളും വിദ്യാഭ്യാസവും തമ്മിലുള്ള അന്തരം അതി ഭീമമായി വർധിച്ചുവന്നു.

7. ഈ സാഹചര്യങ്ങളിലാണ് ഉന്നതവിദ്യാഭ്യാസം വീണ്ടും ചർച്ചാവിഷയമായത്. ഒരു വശത്ത് കച്ചവടവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനുമെതിരായ പോരാട്ടം. മറുവശത്ത് വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച, അഴിമതി, സർവകലാശാലാ-കോളേജ് ഭരണരംഗത്തെ കെടുകാര്യസ്ഥത മുതലായവക്കെതിരായ സമരങ്ങൾ, "കലാലയ രാഷ്ട്രീയത്തെക്കുറിച്ചുള്ള പരാതികൾ തുടങ്ങിയവഉയർന്നുവന്നു. പ്രീഡിഗ്രി പരീക്ഷകളിലെ മാർക്ക് തട്ടിപ്പിനെ സംബന്ധിച്ച വിവാദം ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് പരിശോധന നടത്താൻ ഗവൺമെൻറിനെ പ്രേരിപ്പിച്ചു. മാൽക്കം ആദിശേഷയ്യ ചെയർമാനായുള്ള കമ്മീഷൻ അക്കാദമിക് നിലവാരം ഉയർത്താനും ഭരണസംവിധാനത്തിൽ മാററങ്ങൾ വരുത്താനുമുള്ള നിർദേശങ്ങൾ സമർപ്പിച്ചുവെങ്കിലും അവ നടപ്പിലായില്ല. അവയിലൊന്നായ പ്രീഡിഗ്രി സർവകലാശാലകളിൽനിന്ന് വേർപെടുത്താനുള്ള നിർദേശം ധൃതിപിടിച്ച് നടപ്പിലാക്കാനുള്ള നീക്കം കനത്ത പ്രതിഷേധത്തെ തുടർന്ന് ഉപേക്ഷിക്കേണ്ടിവന്നു.

8. കഴിഞ്ഞ ഏതാനും മാസങ്ങളായി ഉന്നത വിദ്യാഭ്യാസരംഗത്ത് ഭരണപരമായമാററങ്ങൾ വരുത്താനുള്ള നീക്കങ്ങൾ ശക്തിപ്പെട്ടുവരുന്നു. പ്രീഡിഗ്രി ഡയറക്ടറേററിനുള്ളനീക്കം, സെൽഫ് ഫൈനാൻസിങ് കോളേജുകൾ, ഏകീകൃത സർവകലാശാലാനിയമം കൊണ്ടുവരുവാനുള്ള നീക്കം തുടങ്ങിയവപ്രധാനമാണ്. മുൻപ്രാവശ്യത്തെപോലെ വ്യക്തമായ പഠന റിപ്പോർട്ടുകളുടേയോ ചർച്ചകളുടേയോ അടിസ്ഥാനത്തിലല്ല ഈ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത്. പരിഷ്ക്കാരങ്ങളുടെ യഥാർഥ സ്വഭാവമെന്തെന്ന് സർവകലാശാലകളുമായും അക്കാദമിക് സമുദായവുമായും ചർച്ച ചെയ്യാൻ ഗവൺമെൻറ് തയ്യാറായിട്ടില്ല. തികച്ചും ഏകപക്ഷീയമായി ഗവൺമെൻറുതലത്തിൽ ചില വ്യക്തികളുമായി മാത്രം നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഈ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത്.

9. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരതകർച്ചയെക്കുറിച്ചുള്ള ചർച്ചകൾ പരസ്യമായി നടന്നുകൊണ്ടിരിക്കേ, പരിഹാരമാർഗങ്ങളും പരിഷ്കാരങ്ങളും മാത്രം നിഗൂഢമായി ആ

വിഷ്കരിച്ച് നടപ്പിലാക്കുന്നതിൻെറ കാരണത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. പ്രീഡിഗ്രി ഡയറക്ടറേററിൻെറ കാര്യമെടുക്കാം. യു ജി സി സ്കീമനുസരിച്ചുള്ള ശമ്പളനിരക്കുകൾ നടപ്പിൽ വന്നതിനുശേഷം പ്രീഡിഗ്രി സർവകലാശാലകളിൽനിന്ന് വേർപെടുത്തേണ്ടതുണ്ടെന്ന് എവർക്കും ബോധ്യമായിരുന്നു. അതു നടപ്പാക്കേണ്ട രീതിയെക്കുറിച്ചായിരുന്നു തർക്കം. ഇന്നത്തെ അധ്യാപകരെ വർക്ക്ലോഡ് അനുസരിച്ച് പ്രീഡിഗ്രി/ഡിഗ്രി അധ്യാപകർ എന്നിങ്ങനെ വിഭജിക്കണോ? ഇവരെ സർവകലാശാലയുടെ അംഗീകാരമുള്ള അധ്യാപകരായി നിലനിർത്തിക്കൊണ്ടുതന്നെ മററു വഴികൾ നോക്കണോ? അതിനേക്കാൾ പ്രധാനമായി പ്രീഡിഗ്രി ടെർമിനൽ കോഴ്സായി സ്കൂളുകളിലേക്കു മാററണോ. കോളേജുകളിൽതന്നെ നിലനിർത്തണോ? ഇവയെക്കുറിച്ചൊന്നും വ്യക്തമായ അഭിപ്രായങ്ങൾ ഗവൺമെൻററിൻെറ ഭാഗത്തുനിന്നും വന്നിട്ടില്ല. 1986—ൽ ഗവൺമെൻറ് ധൃതിപിടിച്ചു നടപ്പിലാക്കാൻ ശ്രമിച്ച പ്രീഡിഗ്രി ബോർഡിൻെറ മറെറാരു രൂപമാണ് പ്രീഡിഗ്രി ഡയറക്ടറേററ് എന്നും സംശയിക്കാവുന്നതാണ്. ഏതായാലും പരസ്യമായ ചർച്ച ഇക്കാര്യത്തിൽ ആവശ്യമാണ്.

10. സെൽഫ് ഫൈനാൻസിങ്ങ് കോളേജുകൾ നടപ്പിലാക്കുമെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചുകഴിഞ്ഞു. ഉന്നതവിദ്യാഭ്യാസത്തിൻെറ വർധിച്ച ചിലവ് ഉപഭോക്താക്കൾതന്നെ വഹിക്കണമെന്ന 'സിദ്ധാന്ത'ത്തിൻെറ പേരിലാണിത് നടപ്പിലാക്കുന്നത്. ഇന്ന് കാപ്പിറേഷൻ ഫീ കൊടുക്കാൻ തയ്യാറുള്ള മധ്യവർഗത്തിൻെറ കയ്യിൽനിന്ന് വിഭവസമാഹരണം നടത്താനുള്ള ശ്രമമായി ഇതിനെ കണക്കാക്കാം. പക്ഷെ പ്രൊഫഷണൽ കോളേജുകളുടെപ്പെടെയുള്ള കോളേജു വിദ്യാഭ്യാസത്തെപ്പററി ഉയർത്തുന്ന നിരവധി ചോദ്യങ്ങൾക്ക് ഇത് മറുപടിയാകുന്നില്ല. പണം നൽകാൻ തയ്യാറുള്ളവരെ ആകർഷിക്കുന്നില്ല എന്നതല്ല നമ്മുടെ പ്രശ്നം. അർഹതയുള്ളവർക്കും താല്പര്യമുള്ളവർക്കും ഉയർന്ന പരിശീലനം നൽകാൻ സാധിക്കുന്നില്ല എന്നതാണ്. ഉയർന്ന പരിശീലനസൗകര്യങ്ങൾ പണം നൽകാൻ തയ്യാറുള്ള വരേണ്യവർഗത്തിനുമാത്രം ലഭിച്ചാൽ പോരാ. താല്പര്യമുണ്ടെങ്കിലും പണമില്ലാത്തവരെ ഉയർന്ന പരിശീലനത്തിനുവേണ്ടി പിഴിഞ്ഞെടുക്കുന്നതും ശരിയല്ല. ഉയർന്ന പരിശീലനവും സൗകര്യങ്ങളും നൽകുന്നതിനുള്ള ഉത്തരവാദിത്വം ഗവൺമെൻറ് ഏറെറടുക്കുകയും അതിനുള്ള ധനസമാഹരണങ്ങൾ പൊതുതലത്തിൽ കണ്ടെത്തുകയും ചെയ്യേണ്ടതാണ്. ഉന്നതവിദ്യാഭ്യാസത്തിലെ ഫീസ്തലത്തിൽ ശാസ്ത്രീയമായ പരിഷ്ക്കാരങ്ങളുൾപ്പെടെ ധനാഗമമാർഗങ്ങൾ പരിശോധിക്കേണ്ടതാണ്. പക്ഷെ, ഇന്നത്തെ കാപ്പിറേഷൻഫീയേയും കോഴയേയും സ്ഥാപനവൽക്കരിക്കാനുള്ള നീക്കം ഉന്നത വിദ്യാഭ്യാസത്തെ വളർത്താൻ സഹായിക്കുകയില്ലെന്നാണ് അനുഭവങ്ങൾ കാണിക്കുന്നത്. കർണാടകത്തിലും തമിഴ്നാട്ടിലുമുള്ള ഇത്തരം കോളേജുകൾ മേഖലത്തിലേക്കാൾ ഉയർത്തതാണെന്ന് പറയാനാവില്ല. ഇത്തരം വിമർശനങ്ങൾ മുമ്പും ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം അവഗണിച്ചുകൊണ്ടാണ് ഗവൺമെൻറ് സെൽഫ് ഫൈനാൻസിംങ്ങ് സ്ഥാപനങ്ങൾ ആരംഭിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് വളർന്നുവരുന്ന വരേണ്യവൽക്കരണത്തെ വൻതോതിൽ വളർത്തുന്ന നടപടിയാകുമിത്.

11. ഏകീകൃത സർവകലാശാലനിയമത്തിനുള്ള നീക്കങ്ങളാണ് ഇവയിൽ ഏററവും ഗൗരവമേറിയത്. സമഗ്രമായ ഒരു നിയമനിർമാണത്തിൻെറ ആവശ്യത്തേയും അതിലുണ്ടാകേണ്ടുന്ന പ്രധാനഭരണ പരിവർത്തനങ്ങളേയും കുറിച്ച് ഒരു ചർച്ചയും നടത്താൻ ഗവൺമെൻറ് ശ്രമിച്ചിട്ടില്ല. പകരം ഏകീകൃതനിയമത്തിൻെറ കരട് തയ്യാറാക്കാൻ ഒരു കമ്മററിയെ നിയോഗിച്ചു. അവർ തയ്യാറാക്കിയ കരട് വേണ്ട ഭേദഗതികൾ വരുത്തി ഒരു നിയമമാക്കാൻ ഗവൺമെൻറ് ഒരുമ്പെടുന്നു. ഇതിൽവേണ്ട മാററങ്ങളെക്കുറിച്ചു സർവകലാശാലാധികൃതരുമായിപ്പോലും വിശദമായ ചർച്ചകൾ നടന്നിട്ടില്ല. സർവകലാശാലകളുടെ ഭരണത്തിൽ ഗൗരവമേറിയ മാററങ്ങൾ വരുത്താനുള്ള തീരുമാനം ആരോടും ചർച്ചചെയ്യാതെ അടിച്ചേൽപ്പിക്കുന്നത് ജനാധിപത്യവിരുദ്ധമാണ് എന്ന ചിന്തപോലും അധികൃതരിലില്ല.

12. ഈ നിഗൂഢവൽക്കരണത്തിൻെറ കാരണം വ്യക്തമാണ്. കോത്താരിക്കമ്മീഷൻ

റിപ്പോർട്ടും അതിനെതുടർന്നുവന്ന വിദ്യാഭ്യാസനയങ്ങളും അക്കാദമിക് സ്വാതന്ത്ര്യത്തിനും ജനാധിപത്യ വൽക്കരണത്തിനും മുൻഗണന നൽകിയിരുന്നു. ഇന്ന് നടപ്പിലാക്കാൻ ശ്രമിക്കുന്ന നയങ്ങൾ അക്കാദമിക് സ്വാതന്ത്ര്യത്തിനും ജനാധിപത്യവൽക്കരണത്തിനും എതിരാണ്. ഉന്നതവിദ്യാഭ്യാസത്തിൽ കഴിവും താൽപര്യവും സമൂഹാവശ്യങ്ങളും അനുസരിച്ചുള്ള ആസൂത്രണത്തിനു പകരം വ്യവസായികളുടെയും വ്യാപാരികളുടെയും ആവശ്യങ്ങളനുസരിച്ച് വരേണ്യവർഗത്തിന് വിദ്യാഭ്യാസം നൽകുന്ന പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്. കോത്താരി കമ്മീഷൻ അടിവരയിട്ടു സൂചിപ്പിച്ച വിദ്യാഭ്യാസത്തിന്റെ മേലുള്ള സാമൂഹ്യനിയന്ത്രണത്തിന്റെ നിഷേധമാണിത്.

13. സർവകലാശാലാ നിയമത്തിൽ നിർദ്ദിഷ്ടമായ മാററങ്ങൾ ഈ വസ്തുത വ്യക്തമാക്കുന്നു. സർവകലാശാലകളുടെ പരമാധികാരസമിതിയായ സെനററിനെ ഒരു ചർച്ചാസമിതിയായി തരംതാഴ്ത്തുകയും അതിന്റെ ജനാധിപത്യസ്വഭാവത്തെ തകർക്കുകയുമാണ് ഒരു മാററം. വൈസ് ചാൻസലറിന് സർവകലാശാലയുടെ പരമാധികാരിസ്ഥാനം നൽകുകയും അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിരവധി ബോർഡുകൾ(മാനേജ്മെന്റ്, പ്ലാനിങ്, അക്കാദമിക് കൗൺസിൽ. കോളേജ് ഡെവലപ്പ്മെന്റ്, പരീക്ഷ മുതലായവ) സ്ഥാപിക്കുകയുമാണ് മറെറാരുമാററം. അതോടെ പ്രധാന നിർവാഹകസമിതി എന്ന നിലയിൽ സിൻഡിക്കേററിന്റെ സ്ഥാനം നഷ്ടപ്പെടുന്നു.

വിവിധ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ കഴിയാവുന്നത്ര കുറക്കുകയും കഴിയാവുന്നത്ര മെമ്പർമാരെ നോമിനേററ് ചെയ്യുകയുമാണ് മറെറാന്ന്. സർവകലാശാലാ അധികൃതർക്ക് പുറമെ എല്ലാ സർവകലാശാലകളെയും നിയന്ത്രിക്കുന്ന ഉന്നത വിദ്യാഭ്യാസകമ്മീഷൻ സംസ്ഥാനഗവൺമെന്റ് നിയമിക്കുന്ന നോമിനേററഡ് സമിതിയുമായിരിക്കും. സർവകലാശാല സമിതികളിൽ അധ്യാപകർക്ക് എണ്ണം വെട്ടിച്ചുരുക്കപ്പെടും. വിദ്യാർഥി പ്രാതിനിത്യവും ഉണ്ടാവുകയില്ല.

14. നിർദേശിക്കപ്പെടുന്ന ഭരണമാററങ്ങളെ നിയന്ത്രിക്കുന്ന ദർശനവും പ്രധാനമാണ്. സർവകലാശാല സ്വയംഭരണത്തോടൊപ്പം സമൂഹത്തോട് ഉത്തരവാദിത്വം വേണമെന്ന് പറയുന്നു. അതിനായി ജനാധിപത്യസമിതികളുടെ പ്രവർത്തനത്തെ തകർക്കുകയും ഗവൺമെന്റിന്റെ സാമ്പത്തികവും അക്കാദമികവുമായ ഇടപെടൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. സാമൂഹ്യനിയന്ത്രണം എന്ന സങ്കൽപത്തെ ആക്രമിക്കുന്നത് അക്കാദമിക് പ്രവർത്തനത്തെ രാഷ്ട്രീയക്കാരിൽനിന്ന് വിമുക്തമാക്കണമെന്ന' സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന് അക്കാദമിക് സമുദായത്തിന്റെ അക്കാദമിക് സ്വാതന്ത്ര്യത്തെ കർശനമായി നിയന്ത്രിക്കുകയും സംഘടനാപ്രവർത്തനത്തെപ്പോലും നിരുത്സാഹപ്പെടുത്തുന്ന നടപടികൾ എടുക്കുകയും ചെയ്യുന്നു. രാഷ്ട്രീയത്തിനതീതമായ അക്കാദമിക് പ്രവർത്തനം എന്നത് അധികാരികളുടെ രാഷ്ട്രീയത്തിന് പൂർണമായി വിധേയമായ അവരുടെ വൈതാളികർക്ക് സ്ഥാനമാനങ്ങളും ലഭിക്കുന്ന ഭരണവർഗത്തിന്റെ സാമ്പത്തികനിയന്ത്രണത്തിനും പ്രോത്സാഹനങ്ങൾക്കും പൂർണമായി വിധേയമായ ജീർണിച്ച അക്കാദമിക്പ്രവർത്തനമാണ്.

15. ഇതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് സ്വയംഭരണ—സ്വാശ്രയകോളേജുകളെകുറിച്ചുള്ള സങ്കൽപ്പം. ആട്ടോണമസ് കോളേജുകളും ഡിപ്പാർട്ടുമെന്റുകളും അനുവദിക്കുന്നത് പുതിയ നിയമമനുസരിച്ച് സർവകലാശാലകളാണ്. കോളേജുകൾക്കും ഡിപ്പാർട്ടുമെന്റുകൾക്കും ആട്ടോണമിക സ്വാതന്ത്ര്യം അനുവദിക്കുന്നതും സർവകലാശാലകളാണ്. ഇവിടെ ആട്ടോണമി അനുവദിക്കുന്നത് അക്കാമെിക് സമുദായത്തിനല്ല. അത്തരത്തിലുള്ള ആട്ടോണമി ഡിപ്പാർട്ടുമെന്റുകൾക്ക് മാത്രമേ ഉള്ളൂ. കോളേജുകളുടെ ആട്ടോണമി അവിടെയുള്ള അക്കാദമിക് സമുദായത്തെയല്ല മാനേജുമെന്റുകളെയാണ് സഹായിക്കുക. മാനേജ്മെന്റ് തലത്തിൽ അവർക്കുള്ള സ്വാതന്ത്ര്യം അക്കാദമിക് തലത്തിലേക്കുകൂടി വ്യാപിക്കണമെന്നതാണ് മാനേജ്മെന്റ് താൽപര്യവും. ഇന്നത്തെ സാഹചര്യങ്ങളിൽ മാനേജ്മെന്റ് താൽപര്യങ്ങൾ വരേണ്യവർഗ താൽപര്യങ്ങളാണ്. അതായത് വരേണ്യവർഗങ്ങൾക്കാവശ്യമുള്ളതെന്തോ ആ കോഴ്സ് ഡിസൈൻ നടപ്പിലാക്കുകയാവും അവർ

# കുട്ടിക്ക് ഉത്തമജീവിതമാതൃക കൊടുക്കുക

സുകുമാർ അഴീക്കോട്

വിദ്യാഭ്യാസം ദേശീയരംഗത്തെ മനോഹരമായൊരു ഹാസ്യചിത്രമായി മാറിയിരിക്കുന്നു. വിദ്യാലയമാകുന്ന സ്വർഗത്തിൽ നിന്ന് രാഷ്ട്രമാകുന്ന നരകത്തിലേയ്ക്ക് ഇറങ്ങേണ്ടവരാണെന്ന ബോധം ഓരോരുത്തർക്കും വേണം. നരകത്തെ മാററിത്തീർക്കാൻ എന്തുചെയ്യാനാകുമെന്ന് ചിന്തിക്കണം. ആ ബോധമുണ്ടാകുന്നില്ലെങ്കിൽ വിദ്യാഭ്യാസം നിഷ്ഫലമാണ്.

രാജ്യത്ത് ദുഷ്കൃത്യങ്ങൾ നിറഞ്ഞിരിക്കുന്നു. ഭരിക്കുന്നവർ മുതൽ ഇങ്ങേയററം ഉള്ളവർ വരെ കർമ്മം ചെയ്യുന്നില്ല. കർമ്മമില്ലാതെ രാജ്യം മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്നു. ഭരണം സുകൃതമാകണം. കുടുംബത്തിന് പുണ്യമായാൽ പോരാ, രാഷ്ട്രത്തിനു പുണ്യമാകണം. ഇന്ന് രാജ്യം ഭരിച്ച് അറപ്പും വെറുപ്പും ഉളവാക്കുന്നവർ സ്വാതന്ത്ര്യ സമരത്തിൽ പോലും പങ്കെടുത്തവരാണെന്ന് ഓർക്കണം. കുട്ടിക്ക് കൊടുക്കേണ്ടത് സ്വന്തം സിംഹാസനമല്ല, ഉത്തമജീവിതമാതൃകയാണെന്ന് ഓരോരുത്തരും മനസ്സിലാക്കണം.

(കൊല്ലം ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ ക്രസൻേറാ '93 ഉദ്ഘാടനം ചെയ്തുകൊണ്ടു നടത്തിയ പ്രസംഗത്തിൽ നിന്ന്.)

ചെയ്യുക. മാത്രമല്ല കോളേജുകളുടെ നടത്തിപ്പിലോ അവിടെ വളർന്നുവരുന്ന സ്ഥാപിത താത്പര്യങ്ങളുടെ നിയന്ത്രണത്തിലോ സമൂഹത്തിനും ഗവൺമെൻറിനും ഒരു പങ്കും ഉണ്ടാവുകയില്ലെന്നാണ് ഇന്ന് തമിഴ്നാട്ടിൽ നിലവിലുള്ള സ്വയംഭരണ കോളേജുകളുടെ അനുഭവം തെളിയിക്കുന്നത്. കേരളത്തിൽ ഇവ കൂടാതെ ജാതിമതശക്തികളുടെ സമൂഹത്തിലെ നീരാളിപിടുത്തം വർധിപ്പിക്കുകയാവും സ്വയംഭരണ കോളേജുകളുടെ ഫലം. ഇത്തരം വിമർശനങ്ങൾ ഉയർന്നുവന്നിട്ടും അവയെ അവഗണിച്ചുകൊണ്ട് ഗവൺമെൻറ് ആട്ടോണമി എന്ന ഒററ മൂലിയുമായി മുന്നോട്ടുപോവുകയാണ്.

16. പരസ്യമായ വരേണ്യവൽക്കരണത്തെയും കച്ചവടവൽക്കരണത്തെയും പ്രോത്സാഹിപ്പിക്കുന്ന ഈ നയങ്ങൾക്ക് മറെറാരടിത്തറയുണ്ട്. ഉന്നത വിദ്യാഭ്യാസം അവകാശമല്ല ആനുകൂല്യമാണ് എന്ന 'ദർശന'മാണത്. തൊഴിൽ അവകാശമാകുന്നതുപോലെ തൊഴിലിനു പരിശീലനം എന്നത് സമൂഹവികാസത്തിൻെറ സ്വഭാവത്തെയും ഓരോരുത്തർക്കും സ്വായത്തമായ കഴിവുകളെയും ആശ്രയിച്ചിരിക്കുന്നു. എങ്കിലും ഉന്നത വിദ്യാഭ്യാസം നേടാൻ ഏവർക്കും ഉള്ള തുല്യ അവകാശത്തെ നിഷേധിക്കുകയാണ് പുതിയ 'ദർശനം' ചെയ്യുന്നത്. ജാതിമത വിഭാഗീയതകളുടേയും പണത്തിൻേറയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങളെ നിശ്ചയിക്കുകയും സമൂഹത്തിലെ വലിയ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങളെ ഫലത്തിൽ നിഷേധിക്കുകയുമാണ് ഇതിൻെറ ഫലം.

17 വികസനോന്മുഖമാണ് പുതിയ നിയമം എന്ന അവകാശവാദവുമുണ്ട്. വികസനം ആരുടെ? സമൂഹത്തിൻെറ സമഗ്രമായ പുരോഗതിയാണ് നിയമസൃഷ്ടാക്കളുടെ മനസ്സിൽ എന്നു വിശ്വസിക്കാൻ ന്യായമില്ല. പകരം വ്യവസായങ്ങളും വിദ്യാഭ്യാസവും തമ്മിലുള്ള പരസ്പര ബന്ധത്തിനാണ് പ്രാധാന്യം നൽകുന്നത്. വ്യവസായ പ്രതിനിധികൾക്ക് ഭരണസമിതികളിൽ സ്ഥാനമുണ്ട്. വിവിധ കോഴ്സുകൾക്ക് വ്യവസായികളുടെ സ്പോൺസറിങ്ങ് ഔപചാരിക ധനാഗമമാർഗമാണ്. അതായത്, ഉന്നതവിദ്യാഭ്യാസത്തിൻെറ ലക്ഷ്യവും രീതികളും വ്യവസായികൾ തീരുമാനിക്കു

### ആലപ്പുഴ കൺവൻഷൻ

# ഏകീകൃതനിയമം: വലിയഭീഷണി

ഉന്നതവിദ്യാഭ്യാസരംഗം നേരിടുന്ന ഏററവും വലിയ ഭീഷണിയാണ് ഏകീകൃത സർവ്വകലാശാലാനിയമമെന്ന് ഏ കെ പി സി ടി എ ആലപ്പുഴ ജില്ലാകൺവെൻഷൻ അഭിപ്രായപ്പെട്ടു ജൂൺ 21 ന് എസ്. ഡി. കോളേജിൽ ചേർന്ന കൺവെൻഷനിൽ ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻനായരും, കേരളയൂണിവേഴ്സിററി സിൻറിക്കേററംഗം പ്രൊഫ. മാമൻവർക്കിയും പങ്കെടുത്തു. സർക്കാർ തയ്യാറാക്കിയിരിക്കുന്ന ഈ കരിനിയമത്തിൻെറ അപകടത്തെപ്പററിയും, ഇതുകൊണ്ടുവരുന്നതിനു പിന്നിലുള്ള ഗൂഢോദ്ദേശ്യത്തെപ്പററിയും നേതാക്കൾ വിശദീകരിക്കുകയുണ്ടായി.

പകുതിയോളം കോളേജധ്യാപകരെ സ്ക്കൂൾതലത്തിലേയ്ക്ക് തരംതാഴ്ത്താനും, സേവനവ്യവസ്ഥകൾ അട്ടിമറിക്കാനും, സർവകലാശാലയെ വെറുമൊരു സർക്കാർവകുപ്പാക്കാനുമുള്ള നീക്കമാണ് ഏകീകൃത നിയമത്തിനു പിന്നിലുള്ളത്. ഇതിനെ സർവ്വശക്തിയുമുപയോഗിച്ച് ചെറുത്തുതോൽപ്പിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. ശക്തമായ സമരത്തിന് തയ്യാറാകാൻ കൺവൻഷൻ എല്ലാ കോളേജധ്യാപകരോടും അഭ്യർത്ഥിച്ചു.

ന്നു. സമൂഹവികാസത്തിൻെറ മാനദണ്ഡങ്ങൾ വ്യവസായികൾ മാത്രം തീരുമാനിക്കേണ്ടതല്ല. അതിൽ സമൂഹത്തിനു മുഴുവനും പങ്കുണ്ട്. ഇപ്പോൾ ഈ ജനാധിപത്യ സങ്കല്പം ഉപേക്ഷിക്കുകയും, വ്യവസായികളുടെ നിയന്ത്രണത്തിനുള്ള വഴിയൊരുക്കുകയും ചെയ്തിരിക്കുന്നു

18. ചുരുക്കത്തിൽ ഉന്നതവിദ്യാഭ്യാസം ഇന്നു നേരിടുന്ന പ്രശ്നങ്ങളെ മനസ്സിലാക്കാനോ പരിഹാരങ്ങൾ കണ്ടെത്താനോ ഉള്ള ശ്രമമല്ല നമ്മുടെ വിദ്യാഭ്യാസ അധികൃതർ നടത്തുന്നത്. പരിഹാരങ്ങൾ അവർ കണ്ടെത്തുയിരിക്കുന്നു. രാഷ്ട്രീയം ഒഴിവാക്കുക, ജാതിമത ശക്തികൾക്കും, സ്വകാര്യ വ്യവസായികൾക്കും വിദ്യാഭ്യാസത്തിൻെറ മേൽ നിയന്ത്രണാവകാശം നല്കുക, സർവകലാശാല ഭരണത്തെ വരേണ്യവൽക്കരിക്കുകയും കൂടുതൽ സങ്കീർണമായ ഉദ്യോഗസ്ഥ മേധാവിത്വത്തെ സൃഷ്ടിക്കുകയും ചെയ്യുക. എന്നാൽ, ഇന്നത്തെ വിദ്യാഭാസത്തിൻെറ നിലവാര തകർച്ചയെ പരിഹരിക്കനുള്ള ക്രീയാത്മകമായ ഒരു നിർദേശവും അധികൃതർ വെക്കുന്നില്ല. ഇന്നത്തെ ഉന്നത വിദ്യാഭ്യാസത്തിലെ പഠനപ്രക്രിയയെ ശാസ്ത്രീയമായി പുനരാവിഷ്കരിക്കുന്നതിനും, അതിനെ സമൂഹപുരോഗതിക്കുപയുക്തമാക്കുന്നതിനുമുള്ള നിർദേശങ്ങളില്ല. സർവകലാശാലകളിലെ ഗവേഷണവികസന പ്രവർത്തനങ്ങളുടെ നിലവാരം വർധിപ്പിക്കാനും സമൂഹത്തിനുപയുക്തമാക്കാനുമുള്ള ശ്രമമില്ല. സർവകലാശാല ഭരണസംവിധാനത്തിൽ വരുത്തുന്ന മാററങ്ങൾ പഠനനിലവാരത്തെ വളർത്തുമെന്നതിനു സൂചനയുമില്ല. കലാശാലാ രാഷ്ട്രീയത്തെ അമർച്ചചെയ്ത് വിഭവസമാഹരണത്തെ സ്പോൺസറിങ് വഴി മെച്ചപ്പെടുത്തുകയും നോമിനേഷൻ വഴി ഉദ്യോഗസ്ഥൻമാരെനിയമിക്കുകയും ചെയ്താൽ ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുമെന്ന ബാലിശമായ ചിന്തയാണിവരെ നയിക്കുവത്.

19. ഇതുവരെയുള്ള വിദ്യാഭ്യാസ സംവിധാനത്തെ വിമർശിക്കുകയും അധികൃതരുടെ നടപടികൾക്കെതിരെ പ്രതിഷേധം സംഘടിപ്പിക്കുകയുമാണ് വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ടുന്ന മാററങ്ങളെക്കുറിച്ചുള്ള ആശയങ്ങളും പ്രവർത്തനവും വളർത്തുന്നതിൽ അത്രയും ശ്രദ്ധയുണ്ടായിട്ടില്ല. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യനിർണയം

## പാലക്കാട് കൺവൻഷൻ

# ഏകീകൃതത്തെ ചെറുക്കും

സർവകലാശാലകളുടെ സ്വയംഭരണവും ജനാധിപത്യവും തകർക്കുന്നതും, അധ്യാപകരെ തരംതാഴ്ത്താൻ ലക്ഷ്യംവയ്ക്കുന്നതുമായ ഏകീകൃത സർവകലാശാലാ നിയമം എന്തു വില കൊടുത്തും ചെറുത്തു തോൽപ്പിക്കുമെന്ന് എ കെ പി സി ടി എ പാലക്കാട് ജില്ലാകൺവൻഷൻ അഭിപ്രായപ്പെട്ടു. ഓട്ടോണമസ് കോളേജ്, സെൽഫ് ഫിനാൻസിംഗ് കോളേജ്, അൺഎയിഡഡ് കോളേജ് എന്നിവയിലൂടെ വരേണ്യ വർഗ്ഗ വിദ്യാഭ്യാസത്തെ വളർത്തുന്ന സ്ഥാപനങ്ങൾ തുടങ്ങി സ്വകാര്യമാനേജുമെൻറുകളെ പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ ഉപേക്ഷിക്കണമെന്നും കൺവൻഷൻ ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് പ്രൊഫ. എ. ടി. ചെറിയാൻെറ അധ്യക്ഷതയിൽ ചേർന്ന കൺവൻഷൻ മുൻ സിൻഡിക്കേററംഗം പ്രൊഫ. ജോയി ജോബ് കുളവേലി ഉദ്ഘാടനം ചെയ്തു. ജില്ലാസെക്രട്ടറി എൻ. ആർ. ഗ്രാമപ്രകാശ് റിപ്പോർട്ടവതരിപ്പിച്ചു.

പ്രൊഫ. എ. സേതുമാധവൻ, എം. പി. രാജൻ (ഒററപ്പാലം) ജി. സന്തോഷ്, വി. എസ്. ലീ. (ആലത്തൂർ), ഡി. വിപിനചന്ദ്രൻ, രാജൻബാബു (എഞ്ചിനിയറിംഗ് കോളേജ്) തുടങ്ങിയവർ പ്രസംഗിച്ചു.

ഇതിനായി നടത്തേണ്ടതുണ്ട്. വളരുന്ന തലമുറയുടെ സർഗാത്മകമായ കഴിവുകളും സാങ്കേതിക വൈദഗ്ധ്യവും വളർത്തുക, സമൂഹവികാസത്തിനുതകുന്ന രീതിയിൽ വിവിധ ഉല്പാദന മേഖലകളിൽ പരിശീലനം നൽകുക, ജനാധിപത്യം, സമത്വം, സെക്കുലറിസം, പരസ്പര സഹവർത്തിത്വം മുതലായവയുടെ അടിസ്ഥാനത്തിലുള്ള പുതിയ മൂല്യബോധവും നമ്മുടെ സാംസ്കാരിക പൈതൃകത്തേയും വിവേസമ്പത്തിനേയും കുറിച്ചുള്ള ബോധവും (ദേശീയബോധവും) വളർത്തിക്കൊണ്ടുവരിക മുതലായവ ഇന്നത്തെ സാഹചര്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളാണ്. വിവിധ ഉല്പാദന-സാമൂഹ്യപ്രവർത്തന മേഖലകളിൽ സവിശേഷ വൈദഗ്ധ്യവും ലക്ഷ്യബോധവുമുള്ള പ്രവർത്തകരെ, സാമ്പത്തിക സാമൂഹ്യരംഗങ്ങളിലും പൊതുഭരണരംഗത്തുമുള്ള വിദഗ്ധരേയും ഗവേഷണ വികസന പ്രവർത്തകരേയും ഉന്നത വിദ്യാഭ്യാസ മേഖലയിലൂടെയാണ് വളർത്തിയെടുക്കേണ്ടത്.

20. ഈ ലക്ഷ്യങ്ങൾ സാധിക്കണമെങ്കിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് ഉടനടി വരുത്തേണ്ട മാററങ്ങൾ എന്തായിരിക്കണം.

a) പ്രീഡിഗ്രി കോളേജുകളിൽനിന്നും പടിപടിയായി (ഇന്നുള്ള അധ്യാപകരെ കോളേജുകളിൽ നിലനിർത്തിക്കൊണ്ട്) വേർപെടുത്തുകയും, അതിനെ സ്കൂളുകളിലെ ടെർമിനൽ കോഴ്സാക്കി മാററുകയും ചെയ്യുക. ഇതു നടത്തുമ്പോൾ ഇന്നും കോളേജുകളിലെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിന് രക്ഷിതാക്കളുടെ പിന്തുണയുണ്ടെന്ന വസ്തുത മറക്കരുത്. കേരളത്തിലെ സ്കൂളുകളിൽ ആവശ്യമായ സൗകര്യങ്ങൾ വളർത്തിയെടുക്കുകയും അധ്യാപകരുണ്ടാവുകയും ചെയ്താൽ മാത്രമെ ഹയർ സെക്കണ്ടറി കോഴ്സുകൾ അവിടെ തുടങ്ങാനനുവദിക്കാവു. പ്രീഡിഗ്രി കോളേജുകളിൽ നിന്നുമാററി ഹയർ സെക്കണ്ടറിയാക്കുന്നതിന് ഏതാനും വർഷം നീണ്ടുനിൽക്കുന്ന പദ്ധതി തയ്യാറാക്കേണ്ടതാണ്.

b) സെൽഫ് ഫൈനാൻസിങ്ങ് കോളേജുകളുൾപ്പെടെ കേരളത്തിൽ പുതിയ കോളേജുകൾ അനുവദിക്കുന്നത് നിർത്തിവെക്കുക. ആ പണം നിലവിലുള്ള സ്ഥാപനങ്ങളിൽ ആവശ്യ

മായ സൗകര്യങ്ങൾ നൽകുന്നതിനായി നീക്കി വെക്കുക.

പുതിയ കോളേജുകൾ ആവശ്യമാണെങ്കിൽ ഏതാനുംവർഷങ്ങൾക്കുശേഷം ആലോചിക്കാം.

c) കേരളത്തിൽ നിലവിലുള്ള ബിരുദബിരുദാനന്തര കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള ശ്രമം സർവകലാശാലാ തലത്തിൽ ആരംഭിക്കാം. കോഴ്സുകൾക്ക് യു ജി സി നൽകുന്ന മാതൃക ഉപയോഗിക്കാം. ഇതിന് സർവകലാശാലകൾ പൊതുതീരുമാനമെടുക്കുകയും അത് സർവകലാശാലാതലത്തിൽ നടപ്പിലാക്കുകയും ചെയ്യണം. നിരവധി ഉല്പാദനമേഖലകളുമായി ബന്ധപ്പെടുന്ന ബഹുവിഷയാത്മക കോഴ്സുകൾ ആരംഭിക്കാം. മററുകോഴ്സുകൾകാലോചിതമായി പരിഷ്ക്കരിക്കണം. ഇലക്ടീവുകൾ, ഭാഷാപ്രയോഗിക പ്രവർത്തനങ്ങൾ എന്നിവയെല്ലാം പരിഷ്ക്കരിക്കാം. ബിരുദതലത്തിൽ ഭാഷാപഠനം കുറയ്ക്കുന്നതിനും ഇലക്ടീവ് വിഷയങ്ങളിലെ കോഴ്സുകൾ വർധിപ്പിക്കുന്നതിനുമുള്ളനിർദേശം പരിഗണിക്കണം. ഫൗണ്ടേഷൻ കോഴ്സ്, കോർകോഴ്സ് സ്പെഷ്യലൈസേഷൻ എന്നമാതൃകയും ആലോചിക്കാം. ഭാഷാധ്യാപകരുടെ സർവീസിനെബാധിക്കാത്ത വിധത്തിൽ ഒരു ക്ളാസിലെ കുട്ടികളുടെ പരമാവധി എണ്ണം 40 ആയി നിജപ്പെടുത്താം. കോഴ്സുകൾ പുനരാവിഷ്കരിക്കുന്നതിനെ കുറിച്ച് അധ്യാപകരുടെയിടയിൽ ചർച്ചയും അഭിപ്രായ രൂപീകരണവും വേണം.

d) പുതിയ കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കുകയും ചെയ്യുന്നതിനുമുമ്പ് സമഗ്രമായ അധ്യാപക പുനഃപരിശീലനം ആവശ്യമാണ്. പുനഃപരിശീലനം അധ്യാപന പ്രവർത്തനത്തിൻെറ ഭാഗമായി കണക്കാക്കുകയും അതിന് നിലവിലുള്ള അക്കാദമിക് സ്ററാഫ് കോളേജുകളുടെ കീഴിൽ വിപുലമായ സംവിധാനം ഏർപ്പെടുത്തുകയും വേണം. വ്യവസായങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട് പുനഃപരിശീലനത്തിനുവേണ്ട മനുഷ്യവിഭവശേഷി കണ്ടെത്താം.

e) നയരൂപീകരണസമിതിയിൽ സെനററിൻെറ അധികാരങ്ങൾ തുടരണം. അതിന് എക്സിക്യൂട്ടീവ് അധികാരങ്ങൾ വേണ്ട. സിൻഡിക്കേററിൻേറയും അക്കാദമിക് കൗൺസിലിൻേറയും അധികാരങ്ങൾ കൃത്യമായി വിഭജിക്കാം. സമിതികളുടെ എണ്ണം വർധിപ്പിക്കുന്നത് ബ്യൂറോക്രാററിക് പ്രവണത വർധിപ്പിക്കും. ഭരണസമിതികളിൽ നോമിനേഷനുകൾ ഒഴിവാക്കണം. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും സർവകലാശാലകളിൽനിന്നും കോളേജുകളിൽ നിന്നുമുള്ള അക്കാദമിക് പ്രതിനിധികളുമാകണം സമിതികളിലുണ്ടാവേണ്ടത്. സിലബസ് പരിഷ്കാരങ്ങൾക്ക് താല്ക്കാലികമായ പ്രത്യേക സമിതി ഉണ്ടാക്കാം. പരിഷ്കാരങ്ങളും മററു ഭേദഗതികളും അക്കാദമിക് സമുദായത്തിൽ പൂർണമായിചർച്ച ചെയ്തിട്ടു നടപ്പിലാക്കണം. സാമൂഹ്യപ്രസക്തിയുള്ള വശങ്ങൾ (കോളേജുകളുടേയും കോഴ്സുകളുടേയും സ്വഭാവം സാമ്പത്തികം മുതലായവ)വിപുലമായ ചർച്ചകൾക്കുശേഷം നടപ്പിലാക്കണം. സെനററിൽ അവതരിപ്പിച്ച് ഒരു സബ്ജക്ററ് കമ്മിററിയ്ക്ക് വിടണം. അതിൻെറ നിർദേശങ്ങൾ തിരിച്ചു സെനററിൽ വച്ചു പാസാക്കണം. സബ്ജക്ററ് കമ്മിററിക്ക് വെളിയിൽനിന്ന് വിദഗ്ധരെ എടുക്കാം. പൊതുവായ തെളിവെടുപ്പ് നടത്താം. ഭരണ സമിതികളിൽ വിദ്യാർഥിപ്രാതിനിധ്യം ഉറപ്പുവരുത്തണം. ജനാധിപത്യപരമായ രീതിയിൽ വിദ്യാർഥി പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടണം.

f) സർവകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനം അക്കാദമിക് ആഡിററിനും സോഷ്യൽ ആഡിററിനും വിധേയമാക്കണം. ഇവയ്ക്കുള്ള സ്ഥിരം സംവിധാനങ്ങൾ ഉണ്ടാക്കുകയും അവയുടെ റിപ്പോർട്ടുകൾ സെനററിൽ ചർച്ച ചെയ്യുകയും വേണം. നിയമസാധുതയുള്ള വിപുലീകരിക്കപ്പെട്ട പി. ടി. എ കൾക്ക് കോളേജുകളുടെ സോഷ്യൽ ആഡിററ് ഏറെറടുക്കാം. അതിൽ വിദ്യാർഥി പ്രാതിനിധ്യം ഉണ്ടാകും. ഗവേണിങ് ബോഡി എന്ന ആശയവും ഇതിൽ കൂട്ടിച്ചേർക്കാം. സർവകലാശാലകളുടെ സോഷ്യൽ ആഡിററ് സെനററ് നിയോഗിക്കുന്ന ബഹുജനസമിതികൾക്കാകാം. അക്കാദമിക് ആഡിററ് സർവകലാശാലകൾ ഏറെറടുക്കുകയും ടേമിൽ ഒരു പ്രാവശ്യം ഇൻസ്പെക്ഷൻ നടത്തുകയും വേണം. പരീക്ഷകൾ, മൂല്യനിർണയം എന്നിവയും ആഡിററിൽ ഉൾപ്പെടണം. കോളേജുകളിൽ ഗവേണിംഗ് ബോഡികളിൽ രക്ഷിതാക്കളുടെ പ്രാതിനിധ്യം വേണം.

g) മൂല്യനിർണയ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരണം. മൂന്നിലൊന്നുമുതൽ പകുതി വരെ ക്രെഡിറ്റുകൾ ആന്തരിക മൂല്യ നിർണയം വഴിയാകണം. ആന്തരിക മൂല്യനിർണയത്തിനു മാനദണ്ഡം നിശ്ചയിക്കാം. പൊതുപരീക്ഷകൾ കോഴ്സിന്റെ അന്ത്യത്തിൽമാത്രം നടത്തുകയും സപ്ളിമെന്ററി പരീക്ഷകൾ ഒഴിവാക്കുകയും വേണം. മൂല്യനിർണയത്തിലെ പരാതികൾക്ക് അപ്പീൽ സംവിധാനം ഉണ്ടാകണം. അഴിമതി നടക്കുന്നു എന്ന പേരിൽ ആന്തരിക മൂല്യ നിർണയത്തെ എതിർക്കുന്നത് അശാസ്ത്രീയമാണ്.

h) ഫീസ് സംവിധാനം ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യണം. ഉന്നത വിദ്യാഭ്യാസത്തിൽ പഠനത്തിന്റെ ചെലവ് വിദ്യാർഥിതന്നെ വഹിക്കണമെന്ന വാദം പ്രായോഗിക തലത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണ്. സർവകലാശാലകളുടെയും കോളേജുകളുടെയും മുതൽനിക്ഷേപം വർധിപ്പിക്കുന്നതിനുള്ള വിഭവസമാഹരണം നടത്തുന്നതിനുള്ള മാർഗങ്ങൾ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്നതാകും ഉചിതം. സഹകരണ സ്ഥാപനങ്ങളേയും പബ്ലിക് ട്രസ്റ്റുകളേയും കുറിച്ച് ആലോചിക്കാവുന്നതാണ്. ജനങ്ങളിൽ നിന്ന് വിദ്യാഭ്യാസ സെസ് പിരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. പിന്നോക്ക വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകളും ഫീസ് ആനുകൂല്യങ്ങളും തുടരണം.

i) കേരളത്തിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ എത്ര വേണമെന്ന് തീരുമാനിക്കുന്നതിന മനുഷ്യവിഭവശേഷി ആസൂത്രണത്തിന്റെ മാർഗങ്ങൾ ഉപയോഗിക്കണം. ഇന്ന് നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ സൗകര്യങ്ങൾ പുനഃപരിശോധിക്കണം; അതു നിർത്തുകയും സവിശേഷ മേഖലകളിൽ (ഉദാ: തൊഴിലെടുക്കുന്നവർ) ആവശ്യമുള്ളവർക്ക് ഓപ്പൺ യൂണിവേഴ്സിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

j) സർവകലാശാലാകേന്ദ്രങ്ങൾ ഗവേഷണപ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കണം. അതിനായി വ്യക്തമായ ഗവേഷണനയം ആവിഷ്കരിക്കുകയും അവയെ കേരളത്തിലെ വികസന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുകയും വേണം. ഗവേഷണസൗകര്യങ്ങൾ കഴിയാവുന്നത്ര വർധിപ്പിക്കുന്നതിനുള്ള ശ്രമം നടത്തണം.

k) അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ സർവകലാശാലകൾക്ക് തുല്യമാക്കുകയും ഉത്തരവാദിത്വം സർവകലാശാലകൾ ഏറ്റെടുക്കുകയുംവേണം. യു ജി സി ടെസ്റ്റും 55 ശതമാനവും എന്ന നിബന്ധന വന്നതിനുശേഷം പല മാനേജുമെന്റുകളും നിയമനങ്ങൾ നടത്തുന്നില്ല. ഒരു ഒഴിവുവന്നാൽ മൂന്നുമാസത്തിനകം അതു നികത്തുമെന്ന കർശനമായ നിബന്ധന ഉണ്ടാകണം.

l) ചില സർവകലാശാലാ ഡിപ്പാർട്ടുമെന്റുകൾക്ക് പരീക്ഷണാർഥം അക്കാദമിക് ഓട്ടോണമി നൽകുന്നതിനെക്കുറിച്ചാലോചിക്കാം. അവ വിജയിപ്പിച്ചാൽ കാളേജ് ഡിപ്പാട്ടുമെന്റുകളിലേക്കും വ്യാപിപ്പിക്കാം. കാളേജുകൾക്ക് മുഴുവനായി ഓട്ടോണമി നല്കുന്നത് ഒഴിവാക്കണം. അതു ചെയ്യുകയാണെങ്കിൽ പരീക്ഷണാർഥം സൗകര്യമുള്ള ചില ഗവൺമെന്റു കോളേജുകളിൽ (തലശ്ശേരി, പാലക്കാട്, എറണാകുളം, തിരുവനന്തപുരം യൂണിവേഴ്സിറ്റി) പരീക്ഷിക്കാം. കോത്താരി കമ്മിഷൻ നിർവചിച്ചപോലെ ആട്ടോണമി എന്നത് അക്കാദമിക് സ്വാതന്ത്ര്യത്തിന്റെയും പാഠ്യപദ്ധതിയിലും ബോധനതലത്തിലുമുള്ള ജനാധിപത്യ രൂപങ്ങളുടെ വളർച്ചയുടേയും വിപുലീകരണമാകണം. ഇത് കച്ചവടസ്ഥാപനങ്ങൾക്ക് തന്നിഷ്ടപ്രകാരം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം എന്ന നിലയിലാവരുത്. ആട്ടോണമി നൽകുന്നതിനുള്ള അക്കാദമിക് മാനദണ്ഡങ്ങളും വിഭവശേഷിയും കൃത്യമായി നിർവചിക്കപ്പെടുകയും അവയുടെ അടിസ്ഥാനത്തിൽ മാത്രമേ ആട്ടോണമി പരീക്ഷിക്കപ്പെടൂ എന്നുറപ്പ് വരുത്തുകയും വേണം. അതിനായി സോഷ്യൽ ആഡിറ്റും അക്കാദമിക് ആഡിറ്റും ഉപയോഗിക്കണം

m) അക്കാദമിക് സമുദായത്തിന്റെ രാഷ്ട്രീയപ്രവർത്തന സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. ഗവൺമെന്റ് ജീവനക്കാർക്കും രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കണം. അതേസമയം, ഇന്ന് കാമ്പസിലെ അക്കാദമിക് അന്തരീക്ഷം തകർന്നുകൊണ്ടിരിക്കുകയാണെന്ന് തിരിച്ചറിയുകയും, അധ്യാപകർ ഇതിനെ പുനഃസ്ഥാപിക്കുന്നതിനുള്ള ബാധ്യത ഏറ്റെടുക്കുകയും വേണം. ക്യാമ്പസിലെ അക്കാദമിക് അന്തരീക്ഷത്തിന്റെയും ജനാധിപത്യ

## സെപ്തംബർ 9 ന്

# ഭാരതബന്ദും പണിമുടക്കും

